<u>**15 -ാം കേരള നിയമസഭ**</u>

<u>**2 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3588**</u> <u>**05-08-2021 - ൽ മറുപടിയ്ക്ക്**</u>

<u>**വടകര മണ്ഡലത്തിലെ ഓട് ഫാക്ടറി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വടകര മണ്ഡലത്തിലെ ചോറോഡ് പഞ്ചായത്തിലെ ഓട് ഫാക്ടറി വർഷങ്ങളായി പൂട്ടി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓട് ഫാക്ടറിയുടെ കെട്ടിടവും ഭൂമിയും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കൈവശമാണോ നിലവിലുള്ളത്; എങ്കിൽ ഫാക്ടറിയോട് അനുബന്ധിച്ച് വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെയും സ്വത്തിന്റെയും വിശദാംശങ്ങൾ നൽകുമോ; | (ബി) | പ്രസ്തുത സൊസൈറ്റിയുടെ ഭൂമിയും കെട്ടിടവും കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കൈവശമാണ് ഉള്ളത്. 2012 വരെ ലിക്വിഡേഷനിലായിരുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ലിക്വിഡേഷൻ നടപടികൾ നം.കെ.ബി.1718/2007/ സഹ., തിയ്യതി 03.07.2012 ലെ ബോർഡ് ഉത്തരവ് പ്രകാരം നിർത്തി വച്ചിട്ടുണ്ട്. സംഘത്തിന്റെ സ്വത്ത് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. (1) റീസർവെ നം. 216/198- 4.6 ആർ, 4.7 ആർ (2) റീസർവെ നം. 216/198- 4.5 ആർ, 8 ആർ (3) റീസർവെ നം. 271/171 - 10 ആർ (4) റീസർവെ നം. 285/183- 3.9 ആർ (5) റീസർവെ നം. 271/392- 5 ആർ, 4.8 ആർ (6) റീസർവെ നം. 2849/181- 2.8 ആർ |
| (സി) | നിരവധി സാധാരണക്കാരായ തൊഴിലാളികളുടെ ജീവനോപാധിയായിരുന്ന ഈ സ്ഥാപനം വീണ്ടും തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | സംഘം പ്രവർത്തന സജ്ജമാക്കി പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് അനുകൂല നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ